**Kerala Small Industries Development Corporation Ltd.**
(An undertaking of Government of Kerala)
P.B. No. 50, Housing Board Building, Santhinagar, Thiruvananthapuram-695 001
Tel.No : 0471-2330613, 2330614, 2330458 (after office hours) Fax : 0471-2330904
CIN No. U69929KL 1975SGC002736
E-mail : sidcomdsoffice@gmail.com, Website : www.keralasidco.com
SIDCO


No. PER(1)/5096/2025 തീയതി:22.08.2025

## ക്വട്ടേഷൻ നോട്ടീസ്

കേരള സിഡ്കോ ആസ്ഥാന കാര്യാലയത്തിലെ ഔദ്യോഗിക കൃത്യ നിർവഹണം നിർവഹിക്കുന്നതിനായ 6 മാസത്തേയ്ക്ക് മാസവാടകയ്ക്ക് seden car, 4 seater 2024 മോഡൽ വിഭാഗത്തിൽ കുറയാത്ത ടാക്സി പെർമിറ്റുള്ള ഒരു കാർ ലഭ്യമാക്കുന്നതിന് താൽപര്യമുള്ള വാഹന ഉടമകൾ/അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ചുവടെപ്പറയുന്നതായ നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| വാഹനത്തിന്റെ തരം<br>Make and Model | : Sedan Car, 4 seater(2024/2025)<br>Petrol/Diesel |
| പരമാവധി കിലോമീറ്റർ<br>(ഒരു മാസത്തിൽ) | : 2000 കി.മീ |

## നിബന്ധനകൾ

1. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഇൻഷുറൻസ്, Fast tag രജിസ്ട്രേഷൻ തുടങ്ങിയ ചെലവുകൾ വാഹന ഉടമ/സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്.
2. പ്രതിമാസം 2000 കിലോമീറ്റർ ഓടുന്ന വിധത്തിൽ എല്ലാ നികുതികളും ഉൾപ്പെടെയുള്ള പ്രതിമാസവാടക ക്വാട്ട് ചെയ്യണം. 2000 കിലോമീറ്റർ അധികരിക്കുന്ന സാഹചര്യത്തിൽ, അധികം വരുന്ന കിലോമീറ്ററിനുള്ള തുകയും ക്വാട്ട് ചെയ്യേണ്ടതാണ്.
3. ഒരു മാസത്തിൽ ആകെ ഓടുന്ന ദൂരം 2000 കിലോമീറ്ററിൽ കൂടുകയോ കുറയുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത അധിക/കുറവ് കിലോമീറ്റർ തുടർന്നുള്ള മാസങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നതും ആറു മാസത്തിൽ ആകെ 12,000 കിലോമീറ്റർ ദൂരം മാത്രമായി നിജപ്പെടുത്തുന്ന തരത്തിൽ ക്രമീകരിക്കുന്നതുമാണ്.
4. ഓരോ മാസത്തേയും വാടക തുകയ്ക്കുള്ള ബില്ല്, ബന്ധപ്പെട്ട custodian സാക്ഷ്യപ്പെടുത്തിയ ലോഗ് ബുക്ക് റിപ്പോർട്ട് എന്നിവ തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുമ്പായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ വാടക തുക അനുവദി ക്കുന്നതുമാണ്.കരാറുകാരൻ മുൻകൂർ പേയ്മെന്റിനായി ഒരു അഭ്യർത്ഥനയും നടത്താൻ പാടില്ലാത്തതാണ്.

5. RC book , Insurance certificate, Vehicle Registration , Road Tax clearance, pollution Certificate, Vehicle fitness certificate എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. ഔദ്യോഗിക ആവശ്യങ്ങൾക്കിടയിൽ വാഹനത്തിന് എന്തെങ്കിലും തകരാറുണ്ടായാൽ കോൺട്രാക്ടർ സ്വന്തം ചെലവിൽ അതേ നിലവാരത്തിലുള്ള മറ്റൊരു വാഹനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ഡ്യൂട്ടിയിൽ തടസ്സമില്ലെന്ന് ഉറപ്പാക്കുകയും വേണം.

7. കരാർ കാലയളവിൽ ഒരു പകരം വാഹനമോ സ്റ്റാൻഡ് ബൈ വാഹനമോ ആവശ്യമുണ്ടെങ്കിൽ, അത് യഥാർത്ഥ വാഹനത്തിന്റെ അതേ ഗുണനിലവാരം, അംഗീകാര മാനദണ്ഡങ്ങൾ, ശേഷി എന്നിവ പാലിച്ച് നൽകണം.

8. കരാർ വിജയിച്ച ലേലക്കാരൻ കരാർ ലഭിച്ച് 7 ദിവസത്തിനുള്ളിൽ 200/- രൂപ മുദ്ര പത്രത്തിൽ, കരാറിൽ ഒപ്പിടേണ്ടതാണ്.

9. വാഹനത്തിന്റെ ഉചിതമായ സ്ഥലത്ത് “On duty Kerala SIDCO”എന്ന് എഴുതിയ ഒരു നെയിം ബോർഡ് പ്രദർശിപ്പിക്കണം.

10. വാഹനത്തിൽ നിർബന്ധിത സ്പെയർ പാർട്ട്സുകൾ ഉണ്ടായിരിക്കണം. വാഹനത്തിൽ ആവശ്യമായ അഗ്നിശമന ഉപകരണങ്ങൾ ഉണ്ടായിരിക്കണം.

11. നിരക്ക് പരിഷ്കരണത്തിനായുള്ള ഏതൊരു അഭ്യർത്ഥനയും കരാറിന്റെ മുഴുവൻ കാലയളവിലും പരിഗണിക്കില്ല.

12. പിഴകൾ ഈടാക്കുന്നതിന് വിധേയമായി , പൂർണ്ണമായോ ഭാഗീകമായോ ഏതെങ്കിലും പേയ്മെന്റ് തടഞ്ഞു വയ്ക്കാൻ സിഡ്കോയ്ക്ക് സ്വാതന്ത്ര്യമുണ്ട്.

13. കരാർ കാലാവധി അവസാനിക്കുന്നതിനു മുൻപ്, ഒരു കാരണവും പറയാതെ, 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാനുള്ള അവകാശം സിഡ്കോയിൽ നിക്ഷിപ്തമാണ്. കരാർ കാലയളവിൽ ഈ കരാറിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ലാത്ത ഏതൊരു കാര്യമോ തർക്കമോ സിഡ്കോ തീരുമാനിക്കും. സിഡ്കോയുടെ തീരുമാനം അന്തിമവും കരാറുകാരന് ബാധകവുമായിരിക്കും.

14. സിഡ്കോയുടെ ആവശ്യാനുസരണം ആവശ്യകതയിൽ മാറ്റം വരുത്തുവാനുള്ള അവകാശം സിഡ്കോ അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

15. എല്ലാ മാസവും നിശ്ചിത തീയ്യതിക്കുള്ളിൽ ജി.എസ്.ടി ബിൽ ലഭ്യമാക്കേണ്ടതാണ്.

16. നിലവിലുള്ള നിരക്കിൽ ഇൻകംടാക്സ്, മറ്റു നികുതികൾ തുടങ്ങിയവ വാടക തുകയിൽ നിന്നും കുറവു ചെയ്യുന്നതാണ്.

17. കരാർ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാത്തതോ, സമയപരിധി കഴിഞ്ഞതോ ആയ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

| | | |
|---|---|---|
| ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട സ്ഥലം | : | കേരള സിഡ്കോ ഹെഡ്ഡാഫീസ് |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി | : | 09.09.2025 രാവിലെ 11 മണിവരെ. |
| ക്വട്ടേഷൻ തുറക്കുന്ന തീയതി | : | 09.09.2025 ഉച്ചക്ക് 3 മണി. |

ക്വട്ടേഷൻ ലഭിക്കുന്ന ഉടമ/സ്ഥാപനം നിർദ്ദേശിക്കുന്ന ദിവസം തന്നെ വാഹനവും വാഹനത്തിന്റെ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും, മേൽ നിബന്ധനകൾക്ക് വിധേയമായി കരാർ ഒപ്പ് വയ്ക്കേണ്ടതും, കരാർ ഒപ്പിടുന്ന ദിവസം തന്നെ വാഹനം ലഭ്യമാക്കേണ്ടതുമാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

PA to MD